# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

# STD VI

പാഠം 1

## പ്രവചനങ്ങൾ പൂർത്തിയാകുന്നു

1. 'സുബാറ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം?
പ്രഖ്യാപനം, അറിയിപ്പ്

2. വി. കുർബാനയുടെ ആരംഭത്തിൽ രക്ഷകന്റെ ജനനത്തെ സൂചിപ്പിക്കുന്ന തിരുവചനഭാഗം ഏത് ?
വി. ലൂക്കാ 2:14

3. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും." ഇപ്രകാരം പ്രവചിച്ചത് ആര്? ഇമ്മാനുവേൽ എന്ന പദത്തിന്റെ അർത്ഥം?
ഏശയ്യ, ദൈവം നമ്മോടുകൂടെ

4. ഉണ്ണിയേശുവിനെ സന്ദർശിക്കാൻ എത്തിയ രാജാക്കന്മാർ കാഴ്ചയർപ്പിക്കാൻ കൊണ്ടുവന്നത് എന്തെല്ലാം?
പൊന്ന്, മീറ, കുന്തിരിക്കം

5. 'എ.ഡി' (AD) എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?
കർത്താവിന്റെ വർഷം

6. മംഗളവാർത്താക്കാലത്ത് നാം അനുസ്മരിക്കുന്ന രക്ഷാകര സംഭവങ്ങൾ എന്തെല്ലാം?
രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ, മറിയത്തിന് ലഭിച്ച മംഗളവാർത്ത, സ്നാപകയോഹന്നാന്റെ ജനനം, യൗസേപ്പിനുള്ള അറിയിപ്പ്

7. ഈശോയെ ആരാധിക്കാൻ വന്ന ജ്ഞാനികളുടെ കാഴ്ചകൾ എന്താണ് സൂചിപ്പിക്കുന്നത്?
രാജത്വം, പൗരോഹിത്വം, പ്രവാചകത്വം

8. മംഗളവാർത്ത, തിരുപ്പിറവി എന്നീ കാലങ്ങളിൽ നാം പുലർത്തേണ്ട മനോഭാവങ്ങൾ എന്താണ്?
രക്ഷകനെ നൽകിയ ദൈവത്തോടുള്ള നന്ദിയും സ്തുതിയും പരി. കന്യാകാമറിയത്തോടുള്ള ആദരവും രക്ഷകന്റെ ജനനത്തിലുള്ള ആനന്ദവും നിറഞ്ഞു നിൽക്കണം.

9. ആരിലൂടെ എല്ലാമാണ് രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം ദൈവം ആവർത്തിച്ചു പറഞ്ഞത്?
പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും

10. വചനമായ ദൈവം മറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം ധരിച്ചതെപ്പോൾ?
ദൈവത്തിന്റെ ഇഷ്ടത്തിനു മറിയം സമ്മതം നൽകിയ നിമിഷത്തിൽ പരിശുദ്ധാത്മാവ് അവളിൽ നിറഞ്ഞു.